കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone: Office: 0487-2332134, 2332548
Mob: 7736922245, 9447092134 (Whatsapp)
Secretary: 0487-2327427
e-mail: ksnakademi@gmail.com
Website: www.keralasangeethanatakaakademi.in

പി6/2054/2023

16-01-2024

## ക്വട്ടേഷൻ നോട്ടീസ്

കേരള സംഗീത നാടക അക്കാദമി 2024 ഫെബ്രുവരി 09 മുതൽ 16 വരെ സംഘടിപ്പിക്കുന്ന പതിനാലാമത് അന്താരാഷ്ട്ര നാടകോത്സവത്തിന്റെ ആവശ്യത്തിലേക്ക് ഡെയ്‌ലി ബുളളറ്റിൻ താഴെപറയും പ്രകാരം പ്രിന്റ് ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. താഴെ കാണിച്ചിരിക്കുന്ന സാങ്കേതിക കാര്യങ്ങൾക്കാണ് ക്വട്ടേഷൻ നൽകേണ്ടത്. ഷെഡ്യൂളും മറ്റ് വിശദാംശങ്ങളും ഓഫീസിൽ നിന്ന് ലഭ്യമാണ്.

1. 750 എണ്ണം 16 പേജ് മൾട്ടി കളർ, 130 GSM ബൈന്റിങ്ങ് ഉൾപ്പെടെ
2. 1000 എണ്ണം 16 പേജ് B/W, 70 GSM ബൈന്റിങ്ങ് ഉൾപ്പെടെ
3. 500 എണ്ണം 16 പേജ് B/W, 70 GSM ബൈന്റിങ്ങ് ഉൾപ്പെടെ

സീൽ ചെയ്ത ക്വട്ടേഷനുകൾ 25-01-2024 ന് വൈകീട്ട് 4.00 ന് മുമ്പായി അക്കാദമി ഓഫീസിൽ ലഭിച്ചിരിക്കണം. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന് ഏറ്റവും മുകളിലായി 'ക്വട്ടേഷൻ-അന്താരാഷ്ട്ര നാടകോത്സവത്തിന്റെ ആവശ്യത്തിലേക്ക് ഡെയ്‌ലി ബുളളറ്റിൻ പ്രിന്റുചെയ്യുന്നതിന് ' എന്ന് പ്രത്യേകം രേഖപ്പെടുത്തണം. ക്വട്ടേഷൻ അംഗീകരിച്ച് ജോലികൾ ചെയ്യുന്നതിനുളള അനുമതി ലഭിച്ച് കഴിഞ്ഞാൽ ഏറ്റെടുത്ത ജോലി തീർന്നതിനുശേഷം ബില്ല് പരിശോധന നടത്തി മാത്രമേ തുക അനുവദിക്കുകയുളളൂ. ടി ജോലികൾക്ക് യാതൊരു വിധത്തിലുളള മുൻകൂർ തുകയും അനുവദിക്കുന്നതല്ല. 2,500/- രൂപയുടെ നിരതദ്രവ്യം (ഇ.എം.ഡി) ഡിഡി ആയി എടുത്ത് കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ പേരിലോ, അക്കാദമിയുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ പാറമേക്കാവ് ടെമ്പിൾ ബ്രാഞ്ചിലെ 67051237319 (IFSC : SBIN0070166) അക്കൗണ്ടിലേക്ക് പണമായോ സമർപ്പിക്കേണ്ടതാണ് അന്നേ ദിവസം 4.30ന് ക്വട്ടേഷൻ തുറന്ന് തുടർനടപടി സ്വീകരിക്കുന്നതായിരിക്കും. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 0487 - 2332134 എന്ന നമ്പറിൽ അക്കാദമി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ക്വട്ടേഷൻ ഏത് ഘട്ടത്തിലും മാറ്റിവെക്കുന്നതിനോ റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം അക്കാദമി സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

കരിവെള്ളൂർ മുരളി
സെക്രട്ടറി

എസ്.വി